നമ്പർ.എ3- 6156/2014 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്

തൃശ്ശൂർ, തിയ്യതി : 18/10/2014.

കുറ്റാരോപണ പത്രിക

കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ ക്ലർക്കായി ജോലി ചെയ്യുന്ന ശ്രീ: വിനോദ്കുമാർ. പി. കെ യ്ക്ക് എതിരായ ആരോപണങ്ങൾ

സ. ഉ . (ആർ. ടി) 1923/2009/ ത. സ്വ. ഭ. വ. തിയതി 30/07/2009 പ്രകാരം താങ്കൾക്ക് അനുവദിച്ച വേതനരഹിത അവധി 04/10/2013 ന് അവസാനിച്ചശേഷം 05/10/2013 മുതൽ അനധികൃതമായി ജോലിക്ക് ഹാജരായില്ല.

മുകളിൽ പറഞ്ഞിരിക്കുന്ന കൃത്യവിലോപത്തിന് താങ്കൾ ഉത്തരവാദി ആകയാൽ ഈ കുറ്റപത്രം നൽകുന്നു.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

തൃശ്ശൂർ.

ഇതിനോടൊപ്പം കൈയൊപ്പ് രേഖപ്പെടുത്തി തിരികെ സമർപ്പിക്കണം

കുറ്റാരോപണമെമ്മോ

നമ്പർ. എ3- 6156/2014

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്
തൃശ്ശൂർ, തിയ്യതി. 18/~~20~~ 10/2014.

കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ ക്ലർക്കായി ജോലി ചെയ്യുന്ന ശ്രീ: വിനോദ്കുമാർ. പി. കെ എന്ന താങ്കൾ അനുബന്ധ കുറ്റാരോപണ പത്രികയിൽ വിവരിക്കും പ്രകാരമുള്ള കൃത്യവിലോപത്തിനു അച്ചടക്കലംഘനത്തിനും ഉത്തരവാദിയാകയാൽ താങ്കൾക്കെതിരായി 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമെന്തെങ്കിലുമുണ്ടെങ്കിൽ ആയത് ഈ മെമ്മോ കൈപ്പറ്റി പതിനഞ്ച് ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപ്രകാരമുള്ള എതിർവാദ വിവരപത്രികയൊന്നും നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് ഇക്കാര്യത്തിൽ എതിർവാദമൊന്നും ഇല്ലായെന്ന നിഗനത്തിൽ അച്ചടക്ക നടപടികൾ തുടരുന്നതാണ്.

പരാമർശ വിഷയവുമായി ബന്ധപ്പെട്ട കൊണ്ടാഴി ഗ്രാമപഞ്ചായത്തിലെ രേഖകൾ എതിർവാദ വിവരപത്രിക സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള തിയ്യതിക്ക് മുൻപായി താങ്കളുടെ മുൻകൂട്ടിയുള്ള അപേക്ഷ പ്രകാരം നിശ്ചയിക്കുന്ന തിയ്യതിയിൽ ഇപ്പോഴത്തെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കാവുന്നതാണ്. നേരിൽ കാര്യം ബോധിപ്പിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അക്കാര്യവും അറിയിക്കേണ്ടതാണ്.

ജോസ്നമോൾ. എസ്,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
തൃശ്ശൂർ.

ശ്രീ: വിനോദ്കുമാർ. പി. കെ,
ക്ലർക്ക്,
കൊണ്ടാഴി ഗ്രാമപഞ്ചായത്ത്
(കൊണ്ടാഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം)

പകർപ്പ്: 1) സെക്രട്ടറി,
കൊണ്ടാഴി ഗ്രാമപഞ്ചായത്ത്- അറിവിലേക്കായി ( കുറ്റാരോപണ മെമ്മോയുടെ മൂന്ന് പകർപ്പുകൾ അയക്കുന്നു. അസ്സൽ സ്വീകർത്താവിന് നൽകി പകർപ്പിൽ ടിയാന്റെ കൈയൊപ്പും കൈപ്പറ്റു തിയ്യതിയും രേഖപ്പെടുത്തി തിരികെ സമർപ്പിക്കേണ്ടതാണ്.)

2) കരുതൽ / അധികം